06
2024
ഫെബ്രുവരി
ചൊവ്വ
മകരം 23

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.123 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-123 | പേജ് 4. വില 2.00 രൂപ




02 ▶ കേന്ദ്രത്തിൻെറ വെട്ട്, കേരളത്തിനു കോടികളുടെ നഷ്ടം

03 ▶ അക്കാദമിക നിലവാരം ഉയർത്തുന്നതിന് വിവിധ പദ്ധതികൾ


04 ▶ മൂന്നു വർഷത്തിനുള്ളിൽ 3 ലക്ഷം കോടിയുടെ നിക്ഷേപം

**കേരള ബജറ്റ് 2024**

# വികസനസ്വപ്നങ്ങൾ വിഴിഞ്ഞത്ത് നങ്കൂരമിട്ടു

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖത്തിന്റെ വികസന സാധ്യതകളെ പ്രയോജനപ്പെടുത്താൻ പ്രത്യേക ഡെവലപ്മെന്റ് സോണുകൾ(എസ്ഡിഇസഡ്) സൃഷ്ടിക്കും. പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ള സ്വകാര്യ വ്യക്തികളെയും സ്ഥാപനങ്ങളെയും സഹകരിപ്പിച്ച്കൊണ്ടും സ്വകാര്യ നിക്ഷേപം ആകർഷിച്ചുകൊണ്ടുമാകും സ്പെഷ്യൽ ഡെവലപ്മെന്റ് സോണുകൾ സൃഷ്ടിക്കുക.

തുറമുഖത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി സംരംഭങ്ങൾ ആരംഭിക്കാൻ സാധ്യതയുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിന് അന്തർദേശീയ നിക്ഷേപക സംഗമം 202425ൽ തന്നെ സംഘടിപ്പിക്കും. മാരിടൈം ഉച്ചകോടിയും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കും. ടൗൺഷിപ്പുകൾ, റെസിഡൻഷ്യൽ ഏരിയകൾ, വ്യവസായ കേന്ദ്രങ്ങൾ, സംഭരണശാലകൾ, വിനോദ കേന്ദ്രങ്ങൾ എന്നിങ്ങനെ വിപുലവും സമഗ്രവുമായ ഒരു ഹബ്ബാക്കി വിഴിഞ്ഞത്തെ മാറ്റുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.



മേയ് മാസത്തിൽ പ്രവർത്തനമാരംഭിക്കുന്ന വിഴിഞ്ഞം അന്തർദേശീയ തുറമുഖം ദക്ഷിണേന്ത്യയുടെ വ്യാപാര ഭൂപടത്തെ മാറ്റിവരയ്ക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ ബജറ്റ് പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. റിക്കോഡ് വേഗത്തിൽ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സ്ഥാപിത ശേഷിയിലേക്ക് വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ വളരും. തുറമുഖം പൂർണമായും പ്രവർത്തന ക്ഷമമാകുന്നതോടെ, വികസനത്തിന്റെ അനന്തമായ സാധ്യതകളാണ് സംസ്ഥാനത്ത് തുറക്കപ്പെടുന്നതെന്ന് മന്ത്രി പറഞ്ഞു.

വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള തിരുവനന്തപുരത്തിന്റെ നിർദിഷ്ട ഔട്ടർ റിങ് റോഡിന്റെയും വികസന ഇടനാഴിയുടെയും സമയബന്ധിതമായ നിർമ്മാണം ഉറപ്പാക്കും. ആവശ്യമായ സ്ഥലം ലഭ്യമാക്കും. ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും പ്രദേശത്തെ ജനങ്ങളുടെയും സംരംഭകരുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പാക്കും.

തുറമുഖവകുപ്പിനായി അടുത്ത മൂന്ന് വർഷം കൊണ്ട് സംസ്ഥാന സർക്കാർ 3000 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുക. ഇതിൽ 202425 ധനകാര്യ വർഷത്തേക്ക് 500 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രൊജക്ടുകൾക്ക് നീക്കി വെച്ചിരിക്കുന്നതിന് പുറമെയാണിത്.

വിഴിഞ്ഞം പദ്ധതിയുടെ പ്രയോജനം മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്രാദേശിക ജനവിഭാഗങ്ങൾക്ക് കൂടി ലഭ്യമാവുന്ന പദ്ധതികൾക്ക് ബജറ്റിൽ പ്രധാന്യം നൽകിയിട്ടുണ്ട്.

വിഴിഞ്ഞം മേഖലയിൽ അതിദരിദ്രർ എന്ന് കണ്ടെത്തിയ കുടുംബങ്ങളെ പ്രത്യേക പരിഗണന നൽകി ദാരിദ്ര്യ മുക്തരാക്കാൻ ഉള്ള നടപടികൾ സ്വീകരിക്കും. പ്രദേശവാസികളുടെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കും. മത്സ്യത്തൊഴിലാളികളുടെ വരുമാന പരാധീനതകൾ അഞ്ചുവർഷംകൊണ്ട് നിർമ്മാർജനം ചെയ്യുന്ന തരത്തിൽ ഒരു പ്രവർത്തന പദ്ധതി നടപ്പിലാക്കും.

## പുനർഗേഹം പദ്ധതിക്കായി 40 കോടി

തിരുവനന്തപുരം: മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന പുനർഗേഹം പദ്ധതിക്കായി 40 കോടി രൂപ ബജറ്റിൽ വകയിരുത്തി. ഇത് കഴിഞ്ഞ വർഷത്തെ ബജറ്റ് വിഹിതത്തിന്റെ ഇരട്ടിയാണ്. 202122 സാമ്പത്തിക വർഷത്തിനു ശേഷം ഇതുവരെ പുനർഗേഹം പദ്ധതിക്ക് 226.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മത്സ്യബന്ധന മേഖലയ്ക്ക് ആകെ 227.12 കോടി രൂപയാണ് വകയിരുത്തിയത്. സേവിങ്കം റിലീഫ് സ്കീമിന്റെ സംസ്ഥാന വിഹിതമായി 22 കോടി രൂപ നീക്കി വെച്ചു. ഉൾനാടൻ മത്സ്യബന്ധന മേഖലയ്ക്ക് ഏഴ് പദ്ധതികളിലായി ആകെ 80.91 കോടി രൂപ വകയിരുത്തി. ഇതിൽ 67.50 കോടി രൂപ 'അക്വാകൾച്ചർ വികസനം' എന്ന പദ്ധതിക്കായി നീക്കിവെച്ചു. 'മത്സ്യഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ' എന്ന പദ്ധതിക്ക് 18 കോടി രൂപ നീക്കിവെച്ചു. അരൂർ ചന്തിരൂർ പ്രദേശത്തെ മത്സ്യ വ്യവസായ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് പൊതു മലിനജല സംസ്കരണ ശാല സ്ഥാപിക്കേണ്ടതുണ്ട്. കോമൺ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 10 കോടി രൂപയും നീക്കിവെച്ചു. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണം ഉൾപ്പെടെ വിവിധ പ്രവൃത്തികൾക്ക് സംസ്ഥാന വിഹിതമായി 10 കോടി രൂപ വകയിരുത്തി. ഇതുൾപ്പെടെ മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനായി 13.31 കോടി രൂപ വകയിരുത്തി. പൊഴിയൂരിൽ പുതിയ മത്സ്യബന്ധന തുറമുഖത്തിനായി പ്രാഥമികമായി അഞ്ച് കോടി രൂപയും അനുവദിച്ചു.

തീരദേശ വികസനത്തിനായി 202425ൽ 136.98 കോടിയും മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളും, അവരുടെ മാനവശേഷി വികസനവും ഉറപ്പാക്കുന്ന പദ്ധതിക്കായി 60 കോടിയും വകയിരുത്തി. മത്സ്യതൊഴിലാളികളുടെ പുനരധിവാസത്തിനായി ഭൂമിയും വീടും നൽകുന്ന പദ്ധതിക്കായി 10 കോടി രൂപയും തീരദേശ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 10 കോടി രൂപയും നീക്കിവെച്ചു.

## കേരളത്തിന്റേത് സൂര്യോദയ സമ്പദ്ഘടന: മന്ത്രി

തിരുവനന്തപുരം : കേരളത്തിന്റെ സമ്പദ്ഘടന ഒരു സൂര്യോദയ സമ്പദ്ഘടനയായി മാറിക്കൊണ്ടിരിക്കുന്നുവെന്ന് മന്ത്രി കെ എൻ ബാലഗോപാൽ. വികസന മാതൃകയിൽ സംശയം ഉന്നയിച്ചവർക്കുള്ള മറുപടിയാണ് കേരളം കൈവരിച്ച നേട്ടങ്ങൾ എന്നും പശ്ചാത്തല മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടായി എന്നും മന്ത്രി പറഞ്ഞു. ബജറ്റ് അവതാരത്തിലാണ് മന്ത്രി ഇക്കാര്യം പറഞ്ഞത്. എട്ടുവർഷം മുൻപ് കണ്ട കേരളമല്ല ഇന്നത്തെ കേരളമെന്നും മൂന്നുവർഷക്കാലം കൊണ്ട് ഒരു ലക്ഷം കോടിയുടെ നിക്ഷേപം ആകർഷിക്കുമെന്നും മന്ത്രി വ്യക്തമാക്കി

അതേസമയം കേന്ദ്രത്തിന്റെ കടുത്ത അവഗണന അതിന്റെ പാരമ്യത്തിൽ ആണെന്നും കേന്ദ്ര അവഗണക്കെതിരെ സ്വന്തം നിലയ്ക്കെങ്കിലും സമരത്തിന് പ്രതിപക്ഷം തയ്യാറാകണമെന്നും മന്ത്രി അഭ്യകർഥിച്ചു.

വികസന ക്ഷേമ പ്രവർത്തനങ്ങളിൽ നിന്ന് പുറകോട്ട് പോകില്ല .കേന്ദ്ര അവഗണനയുണ്ട് എന്ന് ഇപ്പോൾ പ്രതിപക്ഷവും അംഗീകരിക്കുന്നു, അതിൽ സന്തോഷമുണ്ട് ന്യായമായ ഒരു ചെലവും സർക്കാർ വെട്ടിക്കുറച്ചിട്ടില്ല.

## ഭാഗ്യക്കുറി സമ്മാനഘടന പരിഷ്കരിക്കും; സീരീസ് വർധിപ്പിക്കും

തിരുവനന്തപുരം: സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ സീരീസ് വർധിപ്പിക്കുകയും സമ്മാനഘടന പരിഷ്കരിക്കുകയും ചെയ്യും. പുതുതായി ഏജൻസി എടുക്കുന്നവർക്കും ചെറുകിട വില്പനക്കാർക്കും പ്രതിവാര ഭാഗ്യക്കുറികൾ ആവശ്യത്തിന് ലഭ്യമാകാത്ത സാഹചര്യത്തിലാണ് നടപടി. ഇതിലൂടെ 30,000 പേർക്ക് അധിക തൊഴിലവസരം സൃഷ്ടിക്കാൻ കഴിയും.

## ജിതിൻ ശ്യാമിന്റെ ഓർമ്മ ദിവസം ഫെബ്രുവരി മൂന്നാണ്

# ബോളിവുഡിലെ മലയാളത്തിന്റെ സംഗീതമുദ്ര

**മോഹൻ ശ്രീശൈലം**



മുഹമ്മദ് റാഫിയെക്കൊണ്ട് മലയാള സിനിമയിൽ പാടിക്കാൻ അവസരം കിട്ടിയ ഏക സംഗീത സംവിധായകൻ എന്ന ക്രെഡിറ്റിന് അർഹൻ. മലയാളത്തിൽ കുറെയധികം ഗാനങ്ങൾ ചെയ്തിട്ടില്ല എങ്കിൽക്കൂടിയും ചെയ്തവയെല്ലാം അതിമനോഹര ഗാനങ്ങൾ ആയിരുന്നു.

ഹിന്ദി സിനിമയും നാടകങ്ങളും ആയിരുന്നു പ്രധാന തട്ടകം. നൗഷാദിന്റെ അസോസിയേറ്റ് ആയിരുന്നു.

ഹേന്ദ്രകപൂർ, കുമാർ സാനു, ഉദിത് നാരായണൻ, അൽക്കാ യാഗ്നിക്, കവിതാ കൃഷ്ണമൂർത്തി, അനുരാധാ പൊതുവാൾ തുടങ്ങി ഹിന്ദിയിലെ ഒന്നാംനിര ഗായകരെല്ലാം ജിതിൻ ശ്യാമിന്റെ ഈണങ്ങൾ ആലപിച്ചിട്ടുണ്ട്. ഹിന്ദിക്കു പുറമേ, കന്നഡയിലും ഭോജ്പുരിയിലും ഉറുദുവിലും ഗാനങ്ങൾ ഒരുക്കിയിട്ടുണ്ട്. മലയാളത്തിൽ 1995ൽ സുന്ദരി നീയും സുന്ദരൻ ഞാനും എന്ന സിനിമയ്ക്കാണ് അവസാനമായി സംഗീതം നൽകിയത്.

ഹിന്ദിയിൽ സിന്ദകി കെ രാസ്തേ, മന്ദിർ മസ്ജിദ് എന്നീ ചിത്രങ്ങളിൽ ജിതിൻ ശ്യാമിനായി റഫി അഞ്ചു പാട്ടുകൾ പാടി. തലത് മഹമൂദുമായും ജിതിൻ ശ്യാമിന് അടുത്ത ബന്ധമുണ്ടായിരുന്നു. ലതാ മങ്കേഷ്കർ, ആഷാ ബോൺസ്‌ലെ, കിഷോർ കുമാർ തുടങ്ങി ഹിന്ദിയിലെ പ്രമുഖ ഗായകർക്കായി ജിതിൻ ശ്യാം സംഗീതമൊരുക്കിയിട്ടുണ്ട്. ഹിന്ദി സിനിമകളിലടക്കം നാനൂറോളം ഗാനങ്ങൾക്ക് ഈണം നൽകി.പതിനെട്ടാം വയസ്സിൽ ആലപ്പുഴയിൽനിന്നു മുംബൈയ്ക്കു പോയ ജിതിൻ ശ്യാം, സുപ്രസിദ്ധ സംഗീത സംവിധായകൻ നൗഷാദിന്റെ ശിഷ്യനായി. 1977 ൽ 'ലോക്കൽ ട്രെയിൻ എന്ന ചിത്രത്തിലെ 'ഏ മൗലാ തേരി ദുനിയാമെ ആകെ... എന്ന ഗാനത്തിലൂടെയാണ് അരങ്ങേറ്റം. മലയാളത്തിൽ രാജീവ്നാഥിന്റെ 'തണൽ ആണ് ആദ്യ ചിത്രം. തളിരിട്ട കിനാക്കൾ, പൊന്മുടി, വീസ, സുന്ദരി നീയും സുന്ദരൻ ഞാനും തുടങ്ങിയവയാണു ശ്രദ്ധേയമായ സിനിമകൾ. വീസയിലെ 'താലീപ്പീലി കാട്ടിനുള്ളിലൊരു താഴാമ്പൂ കൊട്ടാരം എന്ന യേശുദാസ്ജെൻസി ടീമിന്റെ യുഗ്മഗാനം ഏറെ പ്രസിദ്ധമാണ്. എൺപതുകളിൽ മലയാളത്തിൽ ഫാസ്റ്റ് നമ്പർ ഗാനങ്ങൾ സമ്മാനിച്ചും നിറസാന്നിധ്യമായി. ഭാര്യ: പരേതയായ ഹാജിറ മക്കൾ: രഹ്ന, അസ്‌ലം, ബബ്‌ലു, നസീർ ഹുസൈൻ. മരുമക്കൾ: റഫീഖ്, ഷാത്തിമ, ഐഷ, ഹീന.



**കേരള ബജറ്റ് 2024**

# പാട്ടത്തുക കുടിശ്ശികയ്ക്ക് ആംനെസ്റ്റി സ്കീം

സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ പാട്ടത്തുക കുടിശ്ശിക വരുത്തിയിട്ടുള്ള ധാരാളം വ്യക്തികളും സ്ഥാപനങ്ങളുമുണ്ട്. ഈ തുക പിരിഞ്ഞു കിട്ടുന്നതിനായി ആംനസ്റ്റി സ്കീം കൊണ്ടു വരും. ആംനസ്റ്റി സ്കീമിലൂടെ കുടിശ്ശിക തീർക്കാത്ത കുടിശ്ശിക്കാരുടെ പാട്ടം റദ്ദ് ചെയ്ത് ഭൂമി സർക്കാരിലേക്ക് തിരിച്ചെടുക്കും.

സ്വാതന്ത്ര്യത്തിന് മുൻപ് വിദേശ പൗരന്മാർക്കും കമ്പനികൾക്കും സർക്കാർ ഭൂമി പാട്ടമായും ഗ്രാന്റായും വ്യവസ്ഥകളോടെ നൽകിയ ഭൂമിയിൽനിന്ന് നിയമാനുസരണം പാട്ടം നിശ്ചയിച്ച് പാട്ടത്തുക പിരിച്ചെടുക്കും.

നിലവിൽ, ലീസ് കരാറുകൾക്ക് അവയുടെ കാലാവധി അനുസരിച്ച് വാർഷിക ശരാശരി പാട്ടത്തുകയുടെ ഒരു നിശ്ചിത ശതമാനം നിരക്കിലാണ് സ്റ്റാംപ് ഡ്യൂട്ടി ഈടാക്കി വരുന്നത്. ലീസ് കരാറുകളുടെ റജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനും പാട്ടത്തുക ആധാരത്തിൽ കുറച്ചുകാണിച്ച് നികുതി വെട്ടിക്കുന്നത് തടയുന്നതിനുമായി, വാർഷിക ശരാശരി പാട്ടത്തുകയ്ക്ക് പകരം, പാട്ടത്തിന് നൽകുന്ന ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ സ്റ്റാംപ് ഡ്യൂട്ടി നിശ്ചയിക്കുന്നതിന് കേരള മുദ്രപ്പത്ര നിയമത്തിൽ ഭേദഗതി വരുത്തും. കെട്ടിടം മാത്രം കൈമാറ്റം ചെയ്യുന്ന ലീസ് കരാറുകൾക്ക്, കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയുടെ ന്യായവിലയോ ആകെ വാടകത്തുകയോ ഏതാണോ കൂടുതൽ, അത് സ്റ്റാംപ് ഡ്യൂട്ടിയായി കണക്കാക്കും. ലീസ് കരാറുകൾക്ക് നിലവിലുള്ള സ്റ്റാംപ് ഡ്യൂട്ടി സ്ലാബുകൾ പരിഷ്കരിക്കും. ഇതിലൂടെ പ്രതിവർഷം ഏകദേശം 40 കോടി പിരിച്ചെടുക്കാമെന്നാണ് കണക്കുകൂട്ടൽ.

പങ്കാളിത്ത സംരംഭങ്ങളിൽ (പാർട്ണർഷിപ് ഫേം) വസ്തുവകൾ മുഴുവനും നിലവിലെ പാർട്ണർമാർ പുതിയ പാർട്ണർമാർക്ക് കൈമാറിയ ശേഷം നിന്നും ഫേമിൽ റിട്ടയർ ചെയ്യുന്നതിലൂടെ വിലയാധാരം ഒഴിവാക്കി വസ്തു കൈമാറ്റം നടക്കുന്ന സാഹചര്യം ഒഴിവാക്കാൻ വിലയാധാരത്തിന്റെ നിരക്കിൽ സ്റ്റാംപ് ഡ്യൂട്ടി ചുമത്തുന്നതിന് ആവശ്യമായ ഭേദഗതികൾ 1959ലെ കേരള മുദ്രപ്പത്ര നിയമത്തിൽ കൊണ്ടുവരും.

ഇതിലൂടെ പ്രതിവർഷം ഏകദേശം 2 കോടിയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

വസ്തു വിൽപന കരാറുകളുടെ റജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി, വിൽപ്പന കരാർ റജിസ്റ്റർ ചെയ്ത് ആറു മാസത്തിനുള്ളിൽ അതേ കക്ഷികൾ തമ്മിൽ വിലയാധാരം രജിസ്റ്റർ ചെയ്യുകയാണെങ്കിൽ, വിൽപ്പന കരാറിന് നൽകിയ രജിസ്ട്രേഷൻ ഫീസ് വിലയാധാരത്തിന്റെ രജിസ്ട്രേഷൻ ഫീസിൽ നിന്ന് കുറച്ചു നൽകുന്നതിന് രജിസ്ട്രേഷൻ ഫീസ് പട്ടിക ഭേദഗതി ചെയ്യും.

വാണിജ്യബാങ്കുകളിൽ നിന്നും കാർഷിക വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള വായ്പകളും മറ്റു മറ്റാവശ്യങ്ങൾക്കുള്ള വായ്പകളും എടുക്കുന്നതിനുള്ള പണയാധാരങ്ങളും അവയുടെ റീ കൺവേയൻസ് ആധാരങ്ങളും റജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ ഒരു ശതമാനം നിരക്കിൽ പരമാവധി 525 രൂപയാണ് റജിസ്ട്രേഷൻ ഫീസ്. ഈ ഇളവ് വാണിജ്യ ബാങ്കുകൾ നൽകുന്ന റിലീസ് ആധാരങ്ങൾക്കും അനുവദിക്കും.

ബാങ്കുകൾ ഭൂമി പണയപ്പെടുത്തി വായ്പകൾ നൽകുമ്പോൾ ഇത്തരം ഭൂമി പണയപ്പെടുത്തലുകൾ ബാങ്കുകൾക്കു പരിശോധനയ്ക്ക് ലഭിക്കുന്ന വിധത്തിൽ റവന്യൂ വകുപ്പിന്റെ പോർട്ടലിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തും. ഇത്തരത്തിൽ മോർട്ട്ഗേജ് രേഖപ്പെടുത്തുന്നതിന് പരമാവധി 1000 രൂപയും, ഈ രേഖപ്പെടുത്തൽ ഒഴിവാക്കുന്നതിനായി 300 രൂപയും ഫീസായി ബാങ്കുകളിൽനിന്ന് ഈടാക്കും. ഇതിലൂടെ പ്രതിവർഷം 200 കോടി രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു.

### കെട്ടിടങ്ങളുടെ കൈമാറ്റ നികുതി ചോർച്ച തടയും

കെട്ടിടങ്ങളുടെ കൈമാറ്റവുമായി ബന്ധപ്പെട്ട നികുതി ചോർച്ച തടയുന്നതിനായി, പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ സിപിഡബ്ല്യുഡി നിരക്കിൽ കെട്ടിടത്തിന്റെ മൂല്യം കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കും. ആധാരത്തിന്റെ റജിസ്ട്രേഷൻ സമയത്ത്, ഈ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി നിശ്ചയിക്കപ്പെട്ട വിലയിൽ കുറയാത്ത തുകയ്ക്ക് സ്റ്റാംപ് ഡ്യൂട്ടി അടച്ചിട്ടുണ്ടെന്ന് പരിശോധിക്കുന്നതിന് പുതുക്കിയ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കും. 500 ചതുരശ്ര അടിയിൽ കുറവ് വിസ്തീർണമുള്ള പാർപ്പിട ഉദ്ദേശ്യത്തിനുള്ള കെട്ടിടങ്ങൾ, ഓല, ഓട്, റൂഫിംഗ് ഷീറ്റ് എന്നിവ കൊണ്ട് മേൽക്കൂര നിർമ്മിച്ച ഒറ്റനില കെട്ടിടങ്ങൾ എന്നിവയെ ഈ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കും. പ്രതിവർഷം ഏകദേശം 100 കോടിയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

# തൊഴിലാളി ക്ഷേമം മുഖ്യം

തിരുവനന്തപുരം: തൊഴിലാളി ക്ഷേമവുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കുമായി ബജറ്റിൽ 464.44 കോടി രൂപ വകയിരുത്തി. ലേബർ കമ്മിഷണറേറ്റിന് 112.95 കോടി രൂപയും ഇൻഡസ്ട്രിയൽ ട്രെയിനിങ് വകുപ്പിന് 95.95 കോടി രൂപയും നാഷണൽ എംപ്ലോയ്മെന്റ് സർവീസിന് (കേരളം) 30.23 കോടി രൂപയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന് മൂന്ന് കോടി രൂപയും ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന് 4.5 കോടി രൂപയും നീക്കി വെച്ചു. തോട്ടം തൊഴിലാളികളുടെ ദുരിതാശ്വാസനിധിയിലേക്ക് 1.10 കോടി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണ പദ്ധതിക്കായി എട്ടു കോടി, പരമ്പരാഗത തൊഴിൽ മേഖലകളായ ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും, കശുവണ്ടി, കയർ, തഴപ്പായ, കരകൗശല നിർമ്മാണം മുതലായ മേഖലകളിലെ തൊഴിലാളികൾക്ക് 1250 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനുള്ള പദ്ധതിക്കായി 90 കോടി എന്നിങ്ങനെ നീക്കി വെച്ചിട്ടുണ്ട്.

മൂന്നാറിൽ തൊഴിൽ സമുച്ചയത്തിന്റെ പണി പൂർത്തിയാക്കാനായി 60 ലക്ഷവും അതിഥി തൊഴിലാളികൾക്ക് 25,000 രൂപയുടെ ആരോഗ്യ ഇൻഷുറൻസ് സഹായവും അപകട മരണത്തിന് രണ്ട് ലക്ഷം രൂപയും വൈകല്യത്തിന് ഒരു ലക്ഷം രൂപ വരെയും സഹായം ഉറപ്പാക്കുന്ന ആവാസ് പദ്ധതിക്കായി 1.25 കോടി രൂപയും വകയിരുത്തി. വ്യാവസായിക പരിശീലന വകുപ്പിൽ നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കേരള അക്കാദമി ഫോർ സ്കിൽസ് ആന്റ് എക്സലൻസിന്റെ വിവിധ കർമ്മ പദ്ധതികൾക്കായി 33 കോടി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ട/ വിവാഹ മോചനം നേടിയ /അവിവാഹിതരായ വനിതകൾ, അവിവാഹിതരായ അമ്മമാർ ഭിന്നശേഷിക്കാരായ വനിതകൾ, കിടപ്പുരോഗികളുടെ ഭാര്യമാർ എന്നിവർക്ക് സ്വയം തൊഴിൽ നൽകുന്നതിനുള്ള ശരണ്യ പദ്ധതിക്കായി 17 കോടിയും അനുവദിച്ചു.

## കയർ വ്യവസായം

കയർ വ്യവസായ മേഖലയിലെ വിവിധ പദ്ധതികൾക്കായി 107. 64 കോടി രൂപ ബജറ്റിൽ വകയിരുത്തി. കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ , സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭങ്ങൾ എന്നിവയുടെ പുനരുജ്ജീവനത്തിനും ആധുനികവൽക്കരണത്തിനുമായി 32 കോടി.

ഗവേഷണ വികസന പദ്ധതികൾക്കുള്ള ധനസഹായമായി ഏഴ് കോടി. കയർഫെഡ് പോലുള്ള ഏജൻസികൾ മുഖേനെ കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടേയും സംഭരണം നടത്തുന്നതിലൂടെ ഇവയുടെ വിലസ്ഥിരത ഉറപ്പു വരുത്തുന്ന പദ്ധതിക്കായി 38 കോടി രൂപയും വകയിരുത്തി.

### ഖാദി ഗ്രാമ വ്യവസായം

നൂൽ നൂൽപ്പ്, നെയ്ത്ത് മേഖലകളിൽ ഏകദേശം 14000 പേർക്ക് നേരിട്ട് തൊഴിൽ ലഭ്യമാക്കുന്ന പരമ്പരാഗത വ്യവസായമായ ഖാദി ഗ്രാമ വ്യവസായവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് 14.80 കോടി രൂപ ബജറ്റിൽ വകയിരുത്തി.

# സിൽവർ ലൈൻ ഉപേക്ഷിച്ചിട്ടില്ലെന്ന് ധനമന്ത്രി

തിരുവനന്തപുരം: സിൽവർ ലൈൻ ഉപേക്ഷിച്ചിട്ടില്ലെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ. കേന്ദ്രസർക്കാരുമായി സിൽവർ ലൈനിൽ നിരന്തരം ചർച്ച നടത്തുകയാണെന്നും ധനമന്ത്രി ബജറ്റ് അവതരിപ്പിക്കവെ സഭയിൽ പറഞ്ഞു.

തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുമായി മുന്നോട്ട് പോകാനാണ് സർക്കാരിൻറെ തീരുമാനമെന്നും തിരുവനന്തപുരം മെട്രോയുടെ കാര്യത്തിൽ കേന്ദ്രത്തിൻറെ അനുമതി വൈകാതെ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

വന്ദേഭാരത് എക്സ്പ്രസുകൾ വന്നതോടുകൂടി സംസ്ഥാന സർക്കാരിൻറെ നിലപാടിലെ ശരി ജനങ്ങൾക്കു മാത്രമല്ല മുഖ്യധാര മാധ്യമങ്ങൾക്കും ബോധ്യപ്പെട്ടിട്ടുണ്ട്. ഇത്തവണത്തെ കേന്ദ്ര ബജറ്റിലും കേരളത്തിൻറെ റെയിൽ വികസനം അവഗണിക്കപ്പെട്ടു എന്നതാണ് വസ്തുത. ട്രെയിൻ യാത്രക്കാർ വലിയ ദുരിതത്തിലാണ്. റെയിൽവേ വഴിയുള്ള ചരക്കുനീക്കവും വലിയ പ്രതിസന്ധിയിലാണ്.

കേരളത്തിൻറെ വളർച്ചയ്ക്കൊപ്പം റെയിൽവേയ്ക്ക് ഓടിയെത്താനാകുന്നില്ല. നിലവിലുള്ള റെയിൽ പാതകളുടെ നവീകരണവും വളവുനിവർത്താനും ഡബിൾ ലൈനിംഗും പൂർത്തിയാകുന്നതോടൊപ്പം പുതിയ ഹൈസ്പീഡ് പാത കൂടി വരേണ്ടത് മുന്നോട്ടുള്ള പോക്കിന് അനിവാര്യമാണെന്നും ധനമന്ത്രി അറിയിച്ചു.




റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്ത കേരള എൻ.സി.സി സംഘാംഗങ്ങൾക്ക് നൽകിയ സ്വീകരണ ചടങ്ങ് മന്ത്രി ഡോ. ആർ.ബിന്ദു ഉദ്ഘാടനം ചെയ്യുന്നു.

### ശാസ്ത്ര, സാങ്കേതിക, പരിസ്ഥിതി മേഖലയ്ക്ക് 235.55 കോടി

ശാസ്ത്ര സാങ്കേതിക മേഖലയുടെ കീഴിലുള്ള പ്രധാന സ്ഥാപനമായ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് 87.23 കോടി രൂപ വകയിരുത്തി. ഇതിൽ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ വിവിധ പ്രവർത്തനങ്ങൾക്കുള്ള എട്ട് കോടി രൂപയും ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രത്തിന്റെ (നാറ്റ്പാക്) പ്രവർത്തനങ്ങൾക്കുള്ള ആറ് കോടി രൂപയും ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യട്ടിന്റെ പ്രവർത്തനങ്ങൾക്കുള്ള 12.90 കോടി രൂപയും, കേരള സംസ്ഥാന ശാസ്ത്ര ഗവേഷണ പരിസ്ഥിതി കൗൺസിലിന്റെ വിവിധ പദ്ധതികളുടെ നടത്തിപ്പിനുള്ള 22.82 കോടി രൂപയും ഉൾപ്പെടുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയ്ക്ക് 50 കോടി രൂപയും, റീജീയണൽ ക്യാൻസർ സെന്ററിന് 73 കോടി രൂപയും വകയിരുത്തി.

# കേന്ദ്രത്തിൻെറ വെട്ട്, കേരളത്തിനു കോടികളുടെ നഷ്ടം

തിരുവനന്തപുരം: കേരളത്തിനു ലഭിക്കേണ്ട സാമ്പത്തിക വിഹിതത്തിലെ വെട്ടികുറവ് മൂലം കോടികളുടെ വരുമാനം കുറവുണ്ടായതായി ധനമന്ത്രി കെ.എൻ. ബാലഗോപാൽ.

കേന്ദ്രത്തിൻറെ തന്നെ മാനദണ്ഡം അനുസരിച്ച് നടപ്പ് സാമ്പത്തികവർഷം കേരളത്തിന് അനുവദിക്കേണ്ട വായ്പ എടുക്കാത്ത പബ്ലിക് അക്കൗണ്ടിൻറെ പേരിൽ ധനകാര്യ വർഷത്തിൻറെ മധ്യേ വെട്ടിക്കുറയ്ക്കുകയാണ് ചെയ്തതെന്നും ധനമന്ത്രി നിയമസഭയിൽ പറഞ്ഞു.സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതത്തിൽ 57,000 കോടിയുടെ വെട്ടിക്കുറവ് വരുത്തി. ജിഎസ്ടി നഷ്ടപരിഹാരം നിർത്തലാക്കിയതിലൂടെ 12,000 കോടി നഷ്ടമുണ്ടായി. റവന്യൂ ഡെഫിസെറ്റ് കുറവ് വന്നത് 8,400 കോടി രൂപയാണ്. കിഫ്ബിയുടെയും പെൻഷൻ കമ്പനികളുടെയും വായ്പകളെ പൊതുകടമായി കണക്കാക്കിയതോടെ കടപരിധിയിൽ വെട്ടിക്കുറവ് വരുത്തിയത് 7000 കോടി രൂപയാണെന്നും മന്ത്രി പറഞ്ഞു.പബ്ലിക് അക്കൗണ്ടിലുള്ള പണം പൊതുകടത്തിൽ ഉൾപ്പെടുത്തിയതോടെ കുറവ് വന്നത് 12,000 കോടി രൂപയാണ്. പത്താം ധനകാര്യകമ്മീഷനിൽനിന്നും 15ാം ധനകാര്യ കമ്മീഷനിലേക്ക് എത്തിയപ്പോൾ സംസ്ഥാനത്തിനുലഭിച്ചോണ്ടിരുന്ന പണം 1.92 ശതമാനമായി വെട്ടികുറച്ചതിലൂടെയുള്ള നഷ്ടം 18,000 കോടിയായി. ഈ വെട്ടിക്കുറവുകൾ വീണ്ടും വർധിച്ചുവരുകയാണെന്നും ധനമന്ത്രി വ്യക്തമാക്കി.

# കെഎസ്ഐഡിസിക്ക് 127. 5 കോടി

സംസ്ഥാനത്തെ വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനും നിക്ഷേപങ്ങൾ സുഗമമാക്കുന്നതിനുമായി കെഎസ്ഐഡിസി ക്ക് 2024 25 ലെ ബജറ്റിൽ 127.50 കോടി രൂപ വകയിരുത്തി. നിക്ഷേപ പ്രോത്സാഹന പ്രവർത്തനങ്ങൾക്ക് 22 കോടി രൂപ. സ്റ്റാർട്ട് അപ്പ് സപ്പോർട്ട് ഉദ്യമങ്ങൾക്കായി ഇന്നോവേഷൻ ആക്സിലറേഷൻ സ്കീമിന് ആറ് കോടി രൂപ. മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതിയിലൂടെ എംഎസ്എംഇ, സ്റ്റാർട്ടപ്പുകൾ, വിദേശ മലയാളി സംരംഭങ്ങൾ എന്നിവക്ക് അഞ്ച് ശതമാനം പലിശ നിരക്കിൽ ഒരു കോടി രൂപ മുതൽ അഞ്ച് കോടി രൂപ വരെ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിക്ക് പലിശയിളവ് നൽകുന്നതിനായി ഒമ്പത് കോടി രൂപയും നീക്കിവെച്ചു. തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 15 കോടി രൂപയും മെഡിക്കൽ ഡിവൈസസ് പാർക്കിന് 20 കോടി രൂപയും ഉൾപ്പെടെ ലൈഫ് സയൻസ് പാർക്കിന് 35 കോടി രൂപ നീക്കിവെച്ചു. കെഎസ്ഐഡിസി വ്യാവസായിക പാർക്കുകൾക്കായി 14 കോടി രൂപയും കോട്ടയം വെള്ളൂരിൽ കേരള റബ്ബർ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൽ നിന്നും ലഭ്യമാക്കിയ സ്ഥലത്ത് 250 കോടി രൂപ ചെലവിട്ട് ഒരു റബ്ബർ വ്യവസായ സമുച്ചയവും സ്ഥാപിക്കും.

# ഗ്രാമീണ ചെറുകിട വ്യവസായങ്ങളെ ചേർത്തു നിർത്തി

തിരുവനന്തപുരം : ഗ്രാമീണ ചെറുകിട വ്യവസായങ്ങളെ ചേർത്തു നിർത്തി സംസ്ഥാന ബജറ്റ്. പട്ടകിജാതി, പട്ടികവർഗം, വനിതകൾ, യുവാക്കൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങളെ ലക്ഷ്യമിട്ടുകൊണ്ട് എംഎസ്എംഇകൾ മുഖേന വിഭാവനം ചെയ്തിരിക്കുന്ന ഗ്രാമീണ ചെറുകിട വ്യവസായ പദ്ധതിക്കായി 215. 64 കോടി രൂപ വകയിരുത്തി. ഇതിൽ ചെറുകിട വ്യവസായങ്ങൾക്കുള്ള 204. 94 കോടി രൂപയും വാണിജ്യ മേഖലയ്ക്കുള്ള 6.50 കോടി രൂപയും കരകൗശല മേഖലയ്ക്കുള്ള 4.20 കോടി രൂപയും ഉൾപ്പെടും.

എല്ലാ സ്വയംതൊഴിൽ പദ്ധതികളും സംയോജിപ്പിച്ച് ഒരു കുടക്കീഴിലാക്കിക്കൊണ്ടുള്ള സംരംഭക സഹായ പദ്ധതിക്കായി 58.50 കോടി. 2000 യൂണിറ്റുകളെയാണ് ലക്ഷ്യമിടുന്നത്. ചെറുകിട സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അർഹരായ സംരംഭകരുടെ വായ്പാബന്ധിത പ്രോജക്ടുകൾക്ക് മാർജിൻ മണി ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിക്കായി 17.06 കോടി രുപയും വകയിരുത്തി. പ്രവർത്തനക്ഷമമായ എംഎസ്എംഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തുന്ന പ്രത്യേക പാക്കേജിനുമായി 18.02 കോടി.

# പ്രാദേശിക മ്യൂസിയങ്ങൾ വികസിപ്പിക്കാൻ പ്രത്യേക പദ്ധതി

തിരുവനന്തപുരം: തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ നാടിന്റെ ചരിത്രവും പഴയ കാല അനുഭവങ്ങളും പകർന്ന് നൽകുന്ന പ്രാദേശിക മ്യൂസിയങ്ങൾ വികസിപ്പിക്കാൻ പ്രത്യേക പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വികസിപ്പിക്കും. ചെലവിന്റെ ഒരു ഭാഗം സർക്കാർ സഹായമായി നൽകും. ഇതിനായി 10 കോടി രൂപ വകയിരുത്തി.

കലാസാംസ്കാരിക മേഖലയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്കായി 170.49 കോടി രൂപ ബജറ്റിൽ വകയിരുത്തി. ഗ്യാലറികളുടെയും പ്രദർശന സങ്കേതങ്ങളുടെയും നവീകരണം, സുരക്ഷാ നടപടികൾ, പരിസര വികസനം, സന്ദർശക സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ എന്നിവ ലക്ഷ്യമാക്കിയുള്ള ഈ പദ്ധതിക്കായി അഞ്ച് കോടിയും വകയിരുത്തി. എല്ലാ ജില്ലകളിലും പൈതൃക/പുരാവസ്തു മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് അഞ്ച് കോടി,വിവിധ മ്യൂസിയങ്ങളുടെയും ഗ്യാലറികളുടെയും നവീകരണത്തിനും സംരക്ഷണത്തിനും മ്യൂസിയം ക്യാമ്പസുകളുടെ വികസനത്തിനുമായി ഒമ്പത് കോടി. തിരുവനന്തപുരം, തൃശൂർ മൃഗശാലകളുടെ നവീകരണത്തിനായി 7.50 കോടി, എകെജി യുടെ ജീവിത കാലഘട്ടങ്ങളെ അടയാളപ്പെടുത്തുന്ന മ്യൂസിയത്തിനായി 3.75 കോടി, ചലച്ചിത്ര വികസന കോർപറേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 18 കോടി എന്നിങ്ങനെ വകയിരുത്തി.

കേരള സാഹിത്യ അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 3.20 കോടി, കേരള സംഗീത നാടക അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 7.50 കോടി, കേരള ലളിതകലാ അക്കാദമിക്കായി 5.50 കോടി,കേരള ഫോക്ലോർ അക്കാദമിക്കായി 3.10 കോടി രൂപയും വകയിരുത്തി.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 14 കോടി അനുവദിച്ചതിൽ 1.30 കോടി രൂപ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾക്കായിരിക്കും. ജവഹർ ബാലഭവനുകളുടെ പ്രവർത്തനങ്ങൾക്കായി രണ്ട് കോടിയും തിരുവനന്തപുരം തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന്റെ പ്രവർത്തനങ്ങൾക്കായി 70 ലക്ഷം രൂപയും അനുവദിച്ചു. കേരള കലാമണ്ഡലത്തിന്റെ വിവിധ കലാഅക്കാദമിക് പ്രവർത്തനങ്ങൾക്കായി 19.50 കോടിയും കലാസാഹിത്യ മേഖലയിലെ ഉത്കൃഷ്ട വ്യക്തികളുടെ സ്മാരകങ്ങളിലും, കലാസാഹിത്യ മേഖലയിലെ പ്രഗൽഭരായ വ്യക്തികൾക്കും അവശ്യ സാഹചര്യങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി 4.60 കോടിയും വകയിരുത്തി. സംസ്ഥാനത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ബിരുദം നേടുന്ന യുവകലാകാരൻമാർക്ക് 1000 വജ്രജൂബിലി ഫെലോഷിപ്പുകൾ നൽകുന്ന പദ്ധതിക്കായി 13 കോടി രൂപയും വകയിരുത്തി.

# പ്രവാസിക്ഷേമത്തിന് ഊന്നൽ

തിരുവനന്തപുരം: പ്രവാസി ക്ഷേമത്തിന് ഊന്നൽ നൽകി സംസ്ഥാന ബജറ്റ്. 202425 സാമ്പത്തിക വ!ർഷം നോർക്കയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 143.81 കോടി രൂപ വകയിരുത്തി. തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസ പുനസംയോജന ഏകോപന പദ്ധതിക്കായി 44 കോടി രൂപയും, ആഗോള മാന്ദ്യത്തിന്റേയും ഗൾഫ് രാജ്യങ്ങളിലെ ദേശീയവൽക്കരണത്തിന്റേയും ഫലമായി കേരളത്തിലേക്ക് തിരികെയെത്തുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിച്ചു കൊണ്ട് സുസ്ഥിര ജീവനോപാധി ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച എൻഡിപിആർഇഎം പദ്ധതിക്കായി 25 കോടി രൂപയും വകയിരുത്തി.

കുറഞ്ഞത് രണ്ട് വർഷക്കാലം വിദേശത്ത് ജോലി ചെയ്ത് മടങ്ങിവന്ന മലയാളികൾക്ക് 50,000 രൂപ വരെ ചികിത്സാ സഹായം, ഒരു ലക്ഷം രൂപവരെ മരണാനന്തര ധനസഹായം, 15,000 രൂപ വരെ വിവാഹ ധനസഹായം, വൈകല്യമുള്ളവർക്ക് സഹായ ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് 10,000 രൂപ വരെ ധനസഹായം എന്നിങ്ങനെ ഒറ്റത്തവണ ധനസഹായം ലഭ്യമാക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള 'സാന്ത്വന' പദ്ധതിക്ക് വേണ്ടി 33 കോടി രൂപ മാറ്റിവച്ചു. 'കേരള ദി നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ്' മുഖേനയുള്ള ക്ഷേമപദ്ധതികൾക്കായി 12 കോടി രൂപ വകയിരുത്തി.

കേരള ബജറ്റ് 2024

# അക്കാദമിക നിലവാരം ഉയർത്തുന്നതിന് വിവിധ പദ്ധതികൾ

## എല്ലാ ജില്ലയിലും ഓരോ മോഡൽ സ്കൂൾ

സ്കൂൾ വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പാക്കും. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലയിലെയും ഒരു സ്കൂൾ മോഡൽ സ്കൂളായി ഉയർത്തും. സ്കൂളുകൾക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിങ് സമ്പ്രദായം നടപ്പാക്കും. അധ്യാപകർക്ക് ആറു മാസത്തിലൊരിക്കൽ റസിഡൻഷ്യൽ പരിശീലനം നൽകും. ഡിഡി, ഡിഇഒ, എഇഒ, അധ്യാപകർ തുടങ്ങിയവരുടെ പെർഫോമൻസ് വിലയിരുത്തും.

പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് 1032.62 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കാൻ 10 കോടി ,സാങ്കേതിക സൗഹൃദമാക്കാൻ 27.50 കോടി, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കാൻ 5.15 കോടി, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് 14.80 കോടി ,സ്കൂളുകളുടെ ആധുനികവൽക്കരണത്തിന് 33 കോടി എന്നിങ്ങനെ അനുവദിച്ചിട്ടുണ്ട്. സ്കൂൾ സൗജന്യ യൂണിഫോം പദ്ധതിക്ക് 15.34 കോടി രൂപ വർധിപ്പിച്ച് 155.34 കോടി രൂപയാക്കി. ആധുനിക സാങ്കേതികവിദ്യകളെ മനസിലാക്കാനുള്ള പദ്ധതികൾക്കായി ഒരു കോടി രൂപ യും ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സംരക്ഷണം നൽകുന്ന സ്ഥാപനങ്ങൾക്കുള്ള പുതിയ പദ്ധതിക്കായി 50 കോടി രൂപയും വകയിരുത്തി. കൈറ്റിന്റെ പ്രവർത്തനങ്ങൾക്കായി 38.50 കോടി, ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലയ്ക്ക് 75.20 കോടി, വൊക്കേഷണൽ ഹയർ സെക്കൻഡറി മേഖലയ്ക്ക് 13 കോടി, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സി എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് 10 കോടി,എസ് സിഇആർടി യ്ക്ക് 21 കോടി , എസ് എസ് കെയുടെ സംസ്ഥാന വിഹിതം 55 കോടി, സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്നുള്ള പദ്ധതിക്ക് 340 കോടി, ഉച്ചഭക്ഷണ പദ്ധതിക്ക് ആകെ 382.14 കോടി എന്നിവ ബജറ്റിൽ വകയിരുത്തി.

## പൊതുവിദ്യാഭ്യാസ വകുപ്പിന് എജ്യുക്കേഷൻ പ്രമോഷൻ ഫണ്ട്

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സഹായം നൽകാൻ സന്നദ്ധതയുള്ളവരെ സ്വാഗതം ചെയ്യുന്നതിനായി എജ്യുക്കേഷൻ പ്രമോഷൻ ഫണ്ട് രൂപീകരിക്കും. ഫണ്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് വിശദമായ രൂപമുണ്ടാക്കും. ഈ സാധ്യത ഉപയോഗപ്പെടുത്തുന്നതിനായി കൃത്യമായ പദ്ധതി തയ്യാറാക്കും. ഇതിനുള്ള സീഡ് ഫണ്ടായി അഞ്ചുകോടി രൂപ വകയിരുത്തി. ഫണ്ടിനായി ഓൺലൈൻ പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തും.

## മെഡിക്കൽ ഹബ്ബാക്കി കേരളത്തെ മാറ്റും

കേരളത്തെ മെഡിക്കൽ ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ വേഗത്തിൽ വികസിപ്പിക്കും. വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും മേഖലയ്ക്ക് 202425 സാമ്പത്തിക വർഷം 2052.23 കോടി രൂപയാണ് അനുവദിച്ചത്. മെഡിക്കൽ വിദ്യാഭ്യാസ മേഖലയ്ക്കായി 401.24 കോടി രൂപയും അനുവദിച്ചു. ആരോഗ്യമേഖയിൽ നടന്നു വരുന്ന വികസന പ്രവർത്തനങ്ങൾക്കും പുതിയ പ്രവർത്തനങ്ങൾക്കും ബജറ്റിൽ തുകയനുവദിച്ചിട്ടുണ്ട്.

ആരോഗ്യ രംഗത്ത് വിദേശത്ത് നിന്നുൾപ്പടെയുള്ള രോഗികൾക്ക് വന്ന് ചികിത്സിക്കാൻ കഴിയുന്ന പ്രത്യേക സൗകര്യം സർക്കാർ മെഡിക്കൽ കോളജുകളിൽ ഉൾപ്പടെ ഏർപ്പെടുത്തും. വിദ്യാലയങ്ങളിൽ 'സ്കൂൾ ഹെൽത്ത് ആന്റ് വെൽനസ് പ്രോഗ്രാം' എന്ന പുതിയ പദ്ധതിയ്ക്ക് 3.10 കോടി അനുവദിച്ചു. നാഷണൽ ഹെൽത്ത് മിഷൻ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 465.20 കോടി രൂപ വകയിരുത്തി. 202425 വർഷത്തേക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ നടത്തിപ്പിനായി 678.54 കോടി അനുവദിച്ചു.

റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി തിരുവനന്തപുരം, കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ് തിരുവനന്തപുരം, മെഡിക്കൽ കോളജുകൾ എന്നിവയുടെ സമഗ്ര വികസനത്തിനായി 217.40 കോടിയും സംസ്ഥാനത്ത് മെഡിക്കൽ കോളജുകളിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളജിൽ സർജിക്കൽ റോബോട്ട് സ്ഥാപിക്കുന്നതിന് 29 കോടിയും അനുവദിച്ചു. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും ആധുനികവത്കരണത്തിനുമായി 21.08 കോടി അനുവദിച്ചു.

## സർക്കാർ ആശുപത്രികൾക്ക് തുക നൽകാൻ തയ്യാറാകുന്നവർക്കായി ആരോഗ്യ സുരക്ഷാ ഫണ്ട്

സർക്കാർ ആശുപത്രികളുമായി ബന്ധപ്പെട്ട് തുകകൾ നൽകാൻ തയ്യാറാകുന്നവർക്കായി സർക്കാർ ഒരു റെമിറ്റൻസ് അക്കൗണ്ട് സംവിധാനം ഒരുക്കും. നിലവിൽ ഇത്തരം ഒരു സംവിധാനം ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് നിലവിലില്ല.ആശുപത്രികളുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ തുകകൾ നൽകാൻ സന്തോഷത്തോടെ മുന്നോട്ട് വരുന്നവർക്ക് വേണ്ടിയാണ് ഈ റെമിറ്റൻസ് അക്കൗണ്ട്.

## ലൈഫിന് വേഗം കൂടും, 1132 കോടി

തിരുവനന്തപുരം: സർക്കാരിന്റെ സ്വപ്ന പദ്ധതിയായ ലൈഫിന് 1132 കോടി രൂപ ബജറ്റിൽ വകയിരുത്തി. സംസ്ഥാനത്തെ മുഴുവൻ ഭവന രഹിതർക്കും വീടുകൾ നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭവന പദ്ധതിയാണ് ലൈഫ്. ലൈഫ് മിഷൻ ഭവന പദ്ധതിയിൽ 202324 വർഷത്തിൽ നാളിതുവരെ 1,51,073 വീടുകളുടെ നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. അതിൽ 31,386 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,19,687 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ലൈഫ് പദ്ധതിയിൽ ഇതുവരെ 3,71,934 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 2024 മാർച്ച് 31 നകം 4,25,000 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനും 2025 മാർച്ച് 31 നകം ലൈഫ് പദ്ധതി പ്രകാരം വീട് ലഭിച്ച കുടുംബങ്ങളുടെ എണ്ണം അഞ്ച് ലക്ഷത്തിലെത്തിക്കാനുമാണ് സർക്കാരിന്റെ ലക്ഷ്യം. ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം നാളിതുവരെ ലൈഫ് ഭവന പദ്ധതിക്കായി ആകെ 17,104.87 കോടി രൂപ ചെലവഴിച്ചു. 202324 വർഷം ഇതുവരെ 1966.36 കോടി രൂപ ചെലവഴിച്ചു. അടുത്ത രണ്ട് വർഷം കൊണ്ട് 10000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി നിലവിലുള്ള ബജറ്റ് വിഹിതത്തിന് പുറമേ സർക്കാരും തദ്ദേശസ്ഥാപനങ്ങളും ചേർന്ന് ദീർഘകാല വായ്പാ പദ്ധതി ഉപയോഗിച്ച് വേഗത്തിൽ നിർമ്മാണം പൂർത്തീകരിക്കും.



2024-25 സംസ്ഥാന ബജറ്റുമായി മന്ത്രി കെ.എൻ ബാലഗോപാൽ ഔദ്യോഗിക വസതിയിൽ നിന്നും നിയമസഭയിലേക്ക് പുറപ്പെടുന്നു

## കുടുംബശ്രീക്ക് കെ ലിഫ്റ്റ്

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച 'തിരികെ സ്കൂളിൽ' എന്ന ബൃഹത് ക്യാമ്പയിനിന്റെ ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് കുടുംബശ്രീ ലൈവ്ലിഹുഡ് ഇൻഷിയേറ്റീവ് ഫോർ ട്രാൻസ്ഫോർമേഷൻ (കെ ലിഫ്റ്റ് ) എന്ന പേരിൽ പ്രത്യേക ഉപജീവന പദ്ധതി സംഘടിപ്പിക്കും. ഒരു വർഷം കൊണ്ട് മൂന്ന് ലക്ഷം സ്ത്രീകൾക്ക് ഉപജീവന മാർഗം ഉറപ്പുവരുത്തി, അവരുടെ വരുമാനം വർധിപ്പിക്കുക എന്നതാണ് ലക്ഷ്യം. സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം, സ്വകാര്യ പൊതുമേഖല സ്ഥാപനങ്ങളുടെ സിഎസ്ആർ ഫണ്ടുകൾ, വിവിധ വായ്പാ പദ്ധതികൾ ഉൾപ്പെടെ ഏകദേശം 430 കോടി രൂപയുടെ ഉപജീവന പരിപാടികളാണ് ഇതുവഴി ലക്ഷ്യം വയ്ക്കുന്നത്. ഈ പദ്ധതി, കുടുംബശ്രീയെ പുതിയ ദിശയിലേയ്ക്ക് നയിക്കുന്നതിനും, കേരളത്തിന്റെ സ്ത്രീ ശാക്തീകരണ ത്തിന്റെ പുതിയ മാതൃക സൃഷ്ടിക്കാനും ഉതകുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

## തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം ഉയർത്തി

തിരുവനന്തപുരം : തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം സംസ്ഥാന പദ്ധതി അടങ്കലിന്റെ 28.09 ശതമാനമായി ഉയർത്തി. പദ്ധതി വിഹിതമായി 8532 കോടി രൂപ ബജറ്റിൽ വകയിരുത്തി. മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും നടപ്പാക്കുന്ന കേരള ഖരമാലിന്യ പരിപാലന പ്രോജക്ടിനുള്ള 180 കോടി രൂപയും ഇതിലുൾപ്പെടുന്നു. കൂടാതെ മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 4131.19 കോടി രൂപയും ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2542.27 കോടി രൂപയും നീക്കിവെച്ചു. രാജ്യം റിപ്പബ്ലിക്ക് ആയതിന്റെ 75ാം വാർഷികം ആഘോഷിക്കുന്ന !2025 ജനുവരി 26നകം കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ഭരണഘടനാ സാക്ഷരത കൈവരിക്കാനുള്ള പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കും. ഗ്രാമ വികസന മേഖലക്ക് പദ്ധതി വിഹിതമായി ആകെ 1768.32 കോടിയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാനവിഹിതമായി 230.10 കോടി രൂപ വകയിരുത്തി. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പിഎംജിഎസ്വൈ) എന്ന പദ്ധതിക്ക് സംസ്ഥാന വിഹിതമായി 84.68 കോടി രൂപയും അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 50 കോടിയും വകയിരുത്തി. കുടുംബശ്രീക്കായി ബജറ്റിൽ 265 കോടി രൂപ വകയിരുത്തി. ഇത് കഴിഞ്ഞ വർഷത്തേക്കാൾ അഞ്ച് കോടി അധികമാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പിഎംഎവൈ ഗ്രാമീണിന് സംസ്ഥാന വിഹിതമായി 207.92 കോടി രൂപ വകയിരുത്തി. ഹ!ഡ്കോ വായ്പയുടെ ക്ലെയിം തീർപ്പാക്കുന്നതിനുള്ള സഹായമായി കെയുആർഡിഎഫ്സി യ്ക്ക് 305.68 കോടി രൂപ വകയിരുത്തി.

## പങ്കാളിത്ത പെൻഷന് പകരം പുതിയ പദ്ധതി ജീവനക്കാർക്ക് ഒരു ഗഡു ഡിഎ

തിരുവനന്തപുരം: സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കുള്ള പങ്കാളിത്ത പെൻഷൻ സമ്പ്രദായം പുനഃപരിശോധിച്ച് പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കും. ജീവനക്കാർക്ക് സുരക്ഷിതത്വം നൽകുന്ന ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ആലോചിക്കുന്നതെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. ഇതിനായി പുതുക്കിയ സ്കീം രൂപീകരിക്കും. മറ്റ് സംസ്ഥാനങ്ങളിലെ പുതിയ പദ്ധതികൾ കൂടി പഠിച്ച് സംസ്ഥാനത്ത് നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കി. പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാരിന് നൽകിയ വിഹിതം തിരികെ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും.

പങ്കാളിത്ത പെൻഷൻ പദ്ധതി സൃഷ്ടിച്ച അരക്ഷിതത്വം ജീവനക്കാരിൽ വലിയ ആശങ്കയ്ക്ക് വഴി വച്ചിട്ടുണ്ട്. ഇത് പുനഃപരിശോധിക്കുന്നത് സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ തുടർപരിശോധിക്കാനായി മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരിക്കുകയാണ്.

കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിലും ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ഡിഎ/ഡിആർ ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം നൽകുമെന്നും ധനമന്ത്രി പ്രഖ്യാപിച്ചു. ജീവനക്കാർക്ക് നിലവിലെ പേറോൾ സംവിധാനം പരിഷ്കരിക്കുന്നതിനായുള്ള സ്പാർക്ക് വേർഷൻ 2.0 നടപ്പിലാക്കുന്നതിന് 1.83 കോടി രൂപ നീക്കിവച്ചു.

## ജീവനക്കാർക്ക് റിട്ടയർമെന്റ് പ്ലാൻ 'ആന്വിറ്റി'

സർക്കാർ ജീവനക്കാർക്ക് വിരമിച്ചതിനുശേഷം മാസംതോറും ഒരു നിശ്ചിത തുക ലഭ്യമാകുന്ന തരത്തിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കും. സംസ്ഥാന ഇൻഷുറൻസ് വകുപ്പിന് കീഴിലാണ് 'ആന്വിറ്റി' എന്ന പേരിൽ പുതിയ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പ്രായോഗികമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഇൻഷുറൻസ് വകുപ്പ് പഠനം നടത്തും. കഴിഞ്ഞ വർഷം പ്രഖ്യാപിച്ച ജീവൻരക്ഷാ പദ്ധതിക്ക് പുറമെയാണിത്.

## കൃഷി വ്യാപിപ്പിക്കാൻ പദ്ധതികൾ

തിരുവനന്തപുരം: വിളപരിപാലനത്തിന് 535.90 കോടി, ഏഴ് നെല്ലുല്പാദക കാർഷിക ആവാസ യൂണിറ്റുകൾക്ക് 93.60 കോടി,വിഷരഹിത പച്ചക്കറി വികസനത്തിന് 78.45 കോടി,നാളീകേര കൃഷി വികസനത്തിന് 65 കോടി എന്നിങ്ങനെയും ബജറ്റിൽ തുക വകയിരുത്തി. ഫലവർഗ കൃഷി വികസനത്തിന് 18.92 കോടി അനുവദിച്ചു. ഇതിൽ 25 ശതമാനം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കും. വിളകളുടെ ഉല്പാദന ക്ഷമത വർധിപ്പിക്കേണ്ടത് അടിയന്തര ആവശ്യമായി ബജറ്റിൽ പരിഗണിച്ചിട്ടുണ്ട്. ഈ മേഖലയിലെ പുതിയ വിജ്ഞാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനുമായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിൽ ഇൻസ്റ്റിട്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ക്രോപ് ബ്രീഡിംഗ് സ്ഥാപിക്കും. ഇതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി രണ്ട് കോടി രൂപ വകയിരുത്തി. വിള ആരോഗ്യപരിപാലനത്തിനായി 13 കോടി രൂപയും ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായ പദ്ധതിക്കായി 16.95 കോടിയും ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായ പദ്ധതിക്കായി 16.95 കോടിയും ബജറ്റിലുണ്ട്. കുട്ടനാട്ടിലെ പരമ്പരാഗത പെട്ടിയും പറയും സമ്പ്രദായത്തിന് പകരം വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പും മോട്ടോർ തറയും സ്ഥാപിക്കുന്നതിനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസന പദ്ധതിക്കുമായി 36 കോടി വകയിരുത്തിയിട്ടുണ്ട്.

കർഷകർക്ക് വരുമാനം ഉറപ്പുവരുത്തിയും കൃഷി വ്യാപിപ്പിക്കാൻ പദ്ധതികളുമായി സംസ്ഥാന ബജറ്റ്. 2024 25 വാർഷിക പദ്ധതിയിൽ 1698.30 കോടി രൂപയാണ് കാർഷിക മേഖലയ്ക്ക് വകയിരുത്തിയിരിക്കുന്നത്. കാർഷിക മേഖലയിൽ കേരള കാലാവസ്ഥാ പ്രതിരോധ കാർഷിക മൂല്യശൃംഖല ആധുനിക വൽക്കരണം (കേര)എന്ന പുതിയ പദ്ധതി ഈ വർഷം ആരംഭിക്കും. അടുത്ത അഞ്ച് വർഷം കൊണ്ട് 2365 കോടി രൂപ ഈ പദ്ധതി വഴി ചെലവിടും. സംസ്ഥാന വിഹിതം ഉൾപ്പടെ 100 കോടി രൂപ ഈ വർഷം പദ്ധതിക്കായി വകയിരുത്തി.

കൃഷി ഉന്നതിക്ക് കീഴിലുള്ള വിവിധ സ്കീമുകളുടെ സംസ്ഥാന വിഹിതമായി 77 കോടി, കാർഷികോല്പന്നങ്ങളുടെ കാര്യക്ഷമമായ വിപണനത്തിനായി 43.90 കോടി, ഗവേഷണപ്രവർത്തനങ്ങൾക്കായി 42 കോടി ഉൾപ്പടെ കാർഷിക സർവകലാശാലയ്ക്ക് 75 കോടി,മണ്ണ് സംരക്ഷണ മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി 83.99 കോടി എന്നിങ്ങനെയാണ് ബജറ്റിലനുവദിച്ചിട്ടുള്ളത്.

## റബ്ബർ കർഷർക്ക് ആശ്വാസം, താങ്ങുവില 180 രൂപയാക്കി

റബ്ബർ കർഷകർക്ക് ആശ്വാസമായി റബ്ബറിന്റെ താങ്ങുവില 180 രൂപയായി വർധിപ്പിച്ചു. 170 രൂപയിൽ നിന്ന് പത്ത് രൂപ വർധിപ്പിച്ചാണ് 180 രൂപയാക്കിയത്. താങ്ങുവില 250 രൂപ ആയി ഉയർത്താൻ കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചെങ്കിലും ഇതുവരെ ചെവിക്കൊണ്ടിട്ടില്ലെന്നും ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ പറഞ്ഞു.

## ചന്ദനകൃഷിക്ക് സർക്കാർ സഹായം

സംസ്ഥാനത്ത് ചന്ദന കൃഷി പ്രോത്സാഹിപ്പിക്കാൻ സർക്കാർ ധനസഹായം ചെയ്യും. ഇതിനായി ചന്ദനവുമായി ബന്ധപ്പെട്ട ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തും. സ്വകാര്യഭൂമിയിൽ നിന്നും മുറിയ്ക്കുന്ന ചന്ദനം ശേഖരിക്കുന്നതിനായി സംസ്ഥാനത്തുടനീളം കൂടുതൽ വനം ഡിപ്പോകളെ ചന്ദനത്തിന്റെ കളക്ഷൻ സെന്ററുകളാക്കി മാറ്റും. ചന്ദനത്തടികൾക്ക് സർക്കാർ നിർണയിച്ച മൂല്യത്തിന്റെ 50 ശതമാനമെങ്കിലും മുൻകൂറായി ഉടമസ്ഥർക്ക് നൽകുന്നതിന് റിവോൾവിംഗ് ഫണ്ട് സൃഷ്ടിക്കും.

## കളിച്ചു വളരാൻ...

തിരുവനന്തപുരം: ഓരോ ഗ്രാമപഞ്ചായത്തിലും ഒരു കായിക സൗകര്യം അല്ലെങ്കിൽ കളിസ്ഥലം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തുക ചെലവഴിക്കും. ഈ ഗ്രാമീണ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിന് എട്ട് കോടി ബജറ്റിൽ വകയിരുത്തി. കായിക യുവജനകാര്യ മേഖലക്ക് 127.39 കോടി രൂപയും വകയിരുത്തി. സർക്കാർ ധനസഹായത്തിനു പുറമേ സ്വകാര്യ മേഖലയിൽ നിന്നുള്ള വിഭവസമാഹരണം കൂടി ലക്ഷ്യമിട്ട് ആരംഭിച്ചിട്ടുള്ള സ്പോർട്സ് ഡെവലപ്മെന്റ് ഫണ്ടിന് 8.54 കോടിയും നീക്കിവെച്ചു.

കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 17.50 കോടിയാണ് പ്രഖ്യാപിച്ചത്. പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിനായി ഏഴ് കോടിയും 'ഹെൽത്തി കിഡ്സ് ആരോഗ്യത്തിനായി കളിക്കുക' പദ്ധതി നടപ്പിലാക്കുന്നതിനും സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി 6.50 കോടിയും വകയിരുത്തി. കേരള സ്പോർട്സിന്റെ ആർക്കൈവ്, സ്പോർട്സ് മ്യൂസിയം, വെർച്ചൽ ഗാലറി, സ്പോർട്സ് ലൈബ്രറി, സ്പോർട്സ് റിസർച്ച് റഫറൻസ് സെൽ എന്നിവ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച കായിക വിജ്ഞാന ശേഖരം പദ്ധതി നടപ്പിലാക്കുന്നതിനായി 50 ലക്ഷവും വകയിരുത്തി. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് 34 കോടിയും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് 17 കോടിയും നീക്കിവെച്ചു.

## സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകും

തിരുവനന്തപുരം : സംസ്ഥാനത്ത് വരും വർഷം 25 ഓളം പുതിയ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകും. 16 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് സർക്കാർ ഡെവലപ്പ്മെന്റ് പെർമിറ്റ് അനുവദിച്ചു കഴിഞ്ഞു. എട്ട് എണ്ണം നിലവിൽ സർക്കാരിന്റെ പരിഗണനയിലുമാണ്. 10 ഏക്കർ വരെയുള്ള ഭൂമിയിൽ കുടിവെള്ളം, റോഡ്, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ മൂന്ന് കോടി രൂപ വരെ സർക്കാർ സബ്സിഡി നൽകും എന്നതാണ് സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രത്യേകത.

2022 23 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ സംരംഭക വർഷമായി ആചരിച്ചിരുന്നു. 1,39, 840 സംരംഭങ്ങൾ അന്ന് ആരംഭിച്ചതിൽ 21, 528 സംരംഭങ്ങൾ (15 ശതമാനം) ഭക്ഷ്യ സംസ്ക്കരണ മേഖലയുമായി ബന്ധപ്പെട്ടവയായിരന്നു. ഈ രംഗത്ത് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും.

## കൈത്തറി യന്ത്രത്തറി വ്യവസായം

കൈത്തറി യന്ത്രത്തറി മേഖലയ്ക്കായി 51. 89 കോടി രൂപ ബജറ്റിൽ വകയിരുത്തി. കൈത്തറി സഹകരണ സംഘങ്ങൾ, ഹാൻടെക്സ്, ഹാൻവീവ് എന്നിവയ്ക്ക് ഓഹരി വിഹിതമായി 5.29 കോടി. ഇതിൽ 4.40 കോടി രൂപ ഹാൻടെക്സ് , ഹാൻവീവ് എന്നിവയ്ക്കുള്ള വിഹിതമാണ്. കൈത്തറി ഗ്രാമങ്ങൾ രൂപീകരിക്കുന്ന പദ്ധതിക്കായി നാല് കോടി. കൈത്തറി ഗ്രാമങ്ങൾ രൂപവത്കരിക്കാൻ നാലു കോടി. സ്പിന്നിങ് മില്ലുകൾക്കുള്ള ഒറ്റത്തവണ സഹായത്തിന് തുക വകയിരുത്തി. ഖാദി വ്യവസായത്തിന് 14.8 കോടി.

## പ്ലാന്റേഷൻ മേഖല

പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ ലയങ്ങൾ നവീകരിക്കുന്ന പദ്ധതികൾക്കായി 10 കോടി രൂപ ബജറ്റിൽ വകയിരുത്തി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ബജറ്റ്; പുതിയ കേരളത്തിനുള്ള ഉറച്ച കാൽവെപ്പ്: മുഖ്യമന്ത്രി



തിരുവനന്തപുരം : പ്രതിസന്ധികളും പ്രയാസങ്ങളും മറികടന്ന് പുതിയ കേരളം സൃഷ്ടിക്കുന്നതിനുള്ള ഉറച്ച കാൽവെപ്പാണ് ബജറ്റെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അതിവേഗം നവീകരിക്കപ്പെടുന്ന കേരളത്തിൻറെ മുന്നോട്ടുള്ള യാത്രയ്ക്കായുള്ള വിപുലമായ പരിപാടിയുടെ അവതരണമാണ് ഈ ബജറ്റെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര സർക്കാരിന്റെ ശത്രുതാപരമായ സമീപനംമൂലം സംസ്ഥാനം നേരിടുന്ന ഞെരുക്കം നിലനിൽക്കുമ്പോഴും ജനങ്ങൾക്കുവേണ്ടിയുള്ള വികസന ക്ഷേമ പ്രവർത്തനങ്ങളിൽ കുറവുവരാതിരിക്കാൻ ബജറ്റിൽ ശ്രദ്ധിച്ചിട്ടുണ്ട്. പുതിയ കാലത്തിന്റെ വെല്ലുവിളികൾ അതിജീവിക്കാൻ സംസ്ഥാനത്തിന്റെ സാധ്യതകളാകെ ഉപയോഗിക്കാനും വ്യത്യസ്തവും വേഗമേറിയതുമായ രീതികൾ അവലംബിക്കാനുമാണ് ബജറ്റ് ശ്രമിക്കുന്നത്. നാടിന് അർഹമായത് നേടിയെടുക്കാനുള്ള യോജിച്ച മുന്നേറ്റത്തിന്റെ പ്രാധാന്യത്തിനും ബജറ്റ് അടിവരയിടുന്നതായും അദ്ദേഹം പറഞ്ഞു.

# കേരള ബജറ്റ് 2024

# മൂന്നു വർഷത്തിനുള്ളിൽ 3 ലക്ഷം കോടിയുടെ നിക്ഷേപം

തിരുവനന്തപുരം : ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് കേന്ദ്രം തള്ളിവിടുമ്പോഴും തകരില്ലെന്നും തളരില്ലെന്നും പ്രഖ്യാപിച്ച് മുന്നോട്ട് കുതിക്കാനുള്ള നിർദേശങ്ങളുമായി സംസ്ഥാന ബജറ്റ്. മൂന്നു വർഷത്തിനുള്ളിൽ മൂന്നു ലക്ഷം കോടിയുടെ നിക്ഷേപം ആകർഷിക്കുംവിധമുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ബജറ്റാണ് ധനമന്ത്രി കെ എൻ ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ചത്. കേന്ദ്ര അവഗണന തുടർന്നാലും ജനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ വെട്ടിക്കുറവ് വരുത്തില്ലെന്നും വികസന പ്രവർത്തനങ്ങളിൽ പുറകോട്ട് പോകില്ലെന്നും ഇതിനായി 'പ്ലാൻ ബി' ആലോചനയിലാണെന്നും ബജറ്റിൽ പറയുന്നു.

വികസനത്തിന്റെ അനന്ത സാധ്യതകൾ തുറന്നിടുന്ന വിഴിഞ്ഞം തുറമുഖം, നൂതന ടൂറിസം പദ്ധതികൾ, ഐടി, അനുബന്ധ മേഖലയിലെ പദ്ധതികൾ, പുറത്തുനിന്നുള്ള വിദ്യാർഥികളെയും ആകർഷിക്കുംവിധം ഉന്നത വിദ്യാഭ്യാസമേഖലയുടെ നവീകരണം, മെഡിക്കൽ ഹബ്ബാക്കി കേരളത്തെ മാറ്റാനുള്ള പദ്ധതികൾ എന്നിവയ്ക്കാണ് പ്രധാന ഊന്നൽ.

സാമ്പത്തികരംഗത്ത് രാജ്യത്താകെയുള്ള മരവിപ്പിനെ നേരിടാൻ സമ്പദ്‌വ്യവസ്ഥയെ സജീവമാക്കാൻ ബജറ്റ് മുൻഗണന നൽകുന്നു. ലൈഫ് പദ്ധതിയുടെ ഭാഗമായി രണ്ടു വർഷംകൊണ്ട് 10,000 കോടിയുടെ നിർമാണം ലക്ഷ്യമിടുന്നു. നിർമാണമേഖലയെ സജീവമാക്കാൻ 1000 കോടിയുടെ പ്രവർത്തനങ്ങൾ നടപ്പാക്കും. നവകേരള സദസ്സിലെ നിർദേശങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് 1000 കോടി ചെലവഴിക്കും. 140 നിയോജക മണ്ഡലങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

റബറിന്റെ താങ്ങുവില 180 രൂപയായി കൂട്ടി. സാമൂഹ്യസുരക്ഷാ പെൻഷൻ കൃത്യമായി വിതരണം ചെയ്യാൻ പ്രത്യേക നടപടി സ്വീകരിക്കും. ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ഡിഎ ഏപ്രിലിലെ ശമ്പളത്തിനൊപ്പം നൽകും. സർക്കാർ ജീവനക്കാർക്ക് വിരമിച്ചശേഷം മാസംതോറും നിശ്ചിത തുക ലഭ്യമാക്കുന്ന പുതിയ ആന്വിറ്റി പദ്ധതി നടപ്പാക്കും. പങ്കാളിത്ത പെൻഷൻ പദ്ധതിക്കു പകരം സുരക്ഷിതത്വമുള്ള പുതിയ പെൻഷൻ പദ്ധതി നടപ്പാക്കും. തദ്ദേശസ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം 8532 കോടി രൂപയായി ഉയർത്തി. മെയിന്റനൻസ് ഫണ്ടായി 4131 കോടിയും ജനറൽ പർപ്പസ് ഫണ്ടായി 2542 കോടിയും നീക്കിവച്ചു. ഗ്രാമ വികസന മേഖലയ്ക്ക് 1768.32 കോടിയും വകയിരുത്തി. 2025 നവംബറോടെ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറും. ഇതിനായി 50 കോടികൂടി വകയിരുത്തി. കുടുംബശ്രീവഴി മൂന്നു ലക്ഷം സ്ത്രീകൾക്ക് ഉപജീവനമാർഗം ഉറപ്പുവരുത്താൻ 430 കോടി ചെലവഴിച്ച് കെ ലിഫ്റ്റ് പദ്ധതി നടപ്പാക്കും. ലൈഫ് പദ്ധതിയിൽ 2025 മാർച്ച് 31നകം അഞ്ചു ലക്ഷം വീട് പൂർത്തിയാക്കുമെന്നും ബജറ്റിൽ പറയുന്നു. ജനത്തിന് അധിക ബാധ്യതയില്ലാതെ 1067 കോടിയുടെ അധിക വിഭവസമാഹരണത്തിനുള്ള നിർദേശങ്ങളാണ് ബജറ്റിലുള്ളത്. കേന്ദ്ര സർക്കാരിന്റെ അവഗണന സംബന്ധിച്ച് ഒടുവിലെങ്കിലും അംഗീകരിക്കാൻ തയ്യാറായ പ്രതിപക്ഷ നടപടിയെ സ്വാഗതം ചെയ്യുന്നതായും ജനങ്ങളെയാകെ ബാധിക്കുന്ന പ്രശ്നമെന്ന നിലയിൽ സ്വന്തം നിലയ്ക്കെങ്കിലും സമരം ചെയ്യാൻ പ്രതിപക്ഷം തയ്യാറാകണമെന്നും ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ അഭ്യർഥിച്ചു.

ഭരണഘടനയ്ക്കും മതനിരപേക്ഷതയ്ക്കും ഫെഡറലിസത്തിനും എതിരെ രൂക്ഷമായ കടന്നാക്രമണങ്ങൾ നടക്കുമ്പോൾ ബജറ്റ് പ്രസംഗത്തിന്റെ പുറംചട്ടയിൽ കേരളം ചേർത്തത് ഭരണഘടനയുടെ ആമുഖം. 'നമ്മൾ ഇന്ത്യയിലെ ജനങ്ങൾ' എന്നാരംഭിക്കുന്ന ആമുഖത്തിന്റെ ചിത്രമാണ് ഉൾപ്പെടുത്തിയത്. കേരളത്തിന്റെ സമ്പദ്ഘടന ഒരു സൂര്യോദയ സമ്പദ്ഘടനയായി മാറിക്കൊണ്ടിരിക്കുന്നു എന്ന നിരീക്ഷണം പങ്കുവച്ചായിരുന്നു ബജറ്റ് പ്രസംഗത്തിന്റെ തുടക്കം.

കേരളം സാക്ഷ്യംവഹിച്ച ഉജ്വല സമരങ്ങളെയും പ്രക്ഷോഭങ്ങളെയും സൂചിപ്പിച്ചും പാവങ്ങളുടെ പടത്തലവനായ എ കെ ജിയെയും സ്വാമി വിവേകാനന്ദനെയും ഓർമിപ്പിച്ചും മഹാകവി വള്ളത്തോളിന്റെ വിഖ്യാതമായ വരികളും പ്രസംഗത്തിൽ ഉൾപ്പെട്ടു.

അയിത്തത്തിനും അനാചാരങ്ങൾക്കുമെതിരെ വലിയ പ്രക്ഷോഭങ്ങൾ ഇവിടെയുണ്ടായി. നവോത്ഥാന, പുരോഗമന, തൊഴിലാളി പ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തിലൂടെ സമൂഹത്തിന് വലിയ മാറ്റമുണ്ടായി. ഒരുകാലത്ത് സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിമർശിച്ച നമ്മുടെ നാട് ഇന്ന് എല്ലാമേഖലയിലും നേട്ടങ്ങളുടെ നാടായെന്നും മന്ത്രി പറഞ്ഞു. എ കെ ജി മ്യൂസിയത്തിന് 3.75 കോടി പ്രഖ്യാപനത്തിന്റെ തുടക്കം 'പാവങ്ങളുടെ പടത്തലവൻ' എന്ന വിശേഷണത്തോടെയായിരുന്നു. 'ഭാരതമെന്ന പേർ കേട്ടാൽ അഭിമാനപൂരിതമാകണം അന്തഃരംഗം, കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോരനമുക്ക് ഞരമ്പുകളിൽ" എന്ന വള്ളത്തോളിന്റെ വരികൾ ചൊല്ലിയാണ് മന്ത്രി പ്രസംഗം അവസാനിപ്പിച്ചത്.

## ശബരിമല മാസ്റ്റർ പ്ലാനിന് 27.60 കോടി

തിരുവനന്തപുരം: സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രത്യേക വികസന പാക്കേജുകൾക്ക് 252.60 കോടി രൂപ വകയിരുത്തി. കാസർകോട്, ഇടുക്കി, വയനാട് വികസന പാക്കേജുകൾക്ക് 75 കോടി രൂപ വീതം നീക്കിവച്ചു. വലിയ തോതിലുള്ള വികസന പരിപാടികൾ ഈ ജില്ലകളിൽ നടപ്പിലാക്കി വരുന്നതിന് പുറമെയാണ് ഈ തുക വകയിരുത്തുന്നതെന്ന് ധനമന്ത്രി പറഞ്ഞു.

ശബരിമല മാസ്റ്റർ പ്ലാനിന്റെ പ്രവർത്തന ചെലവുകൾക്കായി 27.60 കോടി രൂപ വകയിരുത്തി.

## കശുവണ്ടി മേഖലയ്ക്ക് പുനരുജ്ജീവന പദ്ധതി

തിരുവനന്തപുരം : പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി 53.36 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

കശുവണ്ടി വ്യവസായത്തേയും തൊഴിലാളികളേയും സഹായിക്കുന്നതിനായുള്ള പ്രത്യേക കശുവണ്ടി പുനരുജ്ജീവന പദ്ധതിക്ക് 30 കോടി രൂപ വകയിരുത്തി. കേരള കാഷ്യൂ ബോർഡിന് റിവോൾവിങ് ഫണ്ടായി 40.81 കോടി രൂപയും അനുവദിച്ചു.

## കേരള ബാങ്ക് ലയനം; റിസർവ് ബാങ്കിനോട് വിശദീകരണം തേടി ഹൈക്കോടതി

കൊച്ചി : മലപ്പുറം ജില്ലാ ബാങ്ക് ഉൾപ്പെടെയുള്ള ജില്ലാ ബാങ്കുകൾ കേരള ബാങ്കിൽ ലയിപ്പിക്കാൻ തത്വത്തിൽ അംഗീകാരം നൽകിയശേഷം ഇപ്പോൾ ലയനത്തെ എതിർക്കുന്നത് എന്തുകൊണ്ടെന്ന് വിശദീകരിക്കാൻ റിസർവ് ബാങ്കിനോട് ഹൈക്കോടതി. മലപ്പുറം ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിച്ച സഹകരണ രജിസ്ട്രാറുടെ ഉത്തരവ് കേന്ദ്ര ബാങ്കിങ് നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്ന വാദം ഉയർത്തിയതിനെ തുടർന്നാണ് റിസർവ് ബാങ്കിനോട് ഡിവിഷൻ ബെഞ്ച് വിശദീകരണം തേടിയത്.

ലയനം ശരിവച്ച സിംഗിൾ ബെഞ്ച് വിധിക്കെതിരെ മുൻ പ്രസിഡന്റ് യു എ ലത്തീഫ് എംഎൽഎയും റിസർവ് ബാങ്കും സമർപ്പിച്ച അപ്പീലുകളിൽ അമിത് റാവൽ, സി എസ് സുധ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചാണ് വാദം കേട്ടത്. കേന്ദ്രനിയമം 2020ൽ ഭേദഗതി ചെയ്തെങ്കിലും 2021 ഏപ്രിൽ ഒന്നിനാണ് നടപ്പായതെന്നും ലയനത്തിന് മൂന്നിൽ രണ്ട് പൊതുയോഗ തീരുമാനം വേണമെന്നും റിസർവ് ബാങ്ക് വിശദീകരിച്ചു. എന്നാൽ, റിസർവ് ബാങ്ക് തത്വത്തിൽ അംഗീകാരം നൽകിയതോടെയാണ് ലയന നടപടികൾ സ്വീകരിച്ചതെന്നും കേന്ദ്രനിയമം ഭേദഗതി ചെയ്തിട്ടും റിസർവ് ബാങ്ക് ലയന നടപടികളെ എതിർത്തിരുന്നില്ലെന്നും അഡ്വക്കറ്റ് ജനറൽ കെ ഗോപാലകൃഷ്ണക്കുറുപ്പ് വിശദീകരിച്ചു. 14 ജില്ലാ ബാങ്കുകളും കേരള ബാങ്കിൽ ലയിച്ചതോടെ സഹകരണമേഖല രണ്ടു തട്ടുകളായി മാറിയെന്നും ഓർഡിനൻസ് ഘട്ടത്തിൽ തന്നെ സർക്കാർ നടപടികൾ ഹൈക്കോടതി ശരിവച്ചിരുന്നുവെന്നും എജി ബോധിപ്പിച്ചു.

പിന്നീട് ബിൽ നിയമമായപ്പോൾ നിയമസഭ പാസാക്കിയ ഭേദഗതി നിയമവും സിംഗിൾ ബെഞ്ച് ശരിവച്ചു. ഒരു ഘട്ടത്തിലും സുപ്രീംകോടതിയും ഹൈക്കോടതിയും സ്റ്റേ അനുവദിച്ചില്ലെന്നും എജി വിശദീകരിച്ചു.

## ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണം 588.85 കോടി

ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനും 588.85 കോടി രൂപ വകയിരുത്തി സംസ്ഥാന ബജറ്റ്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 63.40 കോടി അധികമാണ്. ഇടമലയാർ ജലസേചന പദ്ധതിയുടെ വിഹിതം മുൻ വർഷത്തെ 10 കോടിയിൽ നിന്നും 35 കോടി രൂപയായി ഉയർത്തി. ആർഐഡിഎഫ് വായ്പ ഉൾപ്പെടെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്ക് 12 കോടി രൂപയും കാരാപ്പുഴ പദ്ധതിക്ക് 32 കോടി രൂപയും ബാണാസുരസാഗർ പദ്ധതിക്ക് 25 കോടി രൂപയും ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

പുനരുദ്ധാരണവും വികസനവും പദ്ധതിയുടെ രണ്ടാം ഘട്ടമായി സംസ്ഥാനത്തെ 15 ഡാമുകൾക്കായി 30 കോടി രൂപ ബജറ്റിൽ അനുവദിച്ചു. കൂടാതെ കെഎസ്ഇബിഎൽന്റെ നിയന്ത്രണത്തിലുള്ള ഡാമുകളുടെ പുനരുദ്ധാരണത്തിന് 15 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ഭൂഗർഭ ജലവികസനത്തിന് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയ്ക്കായി 22 കോടി രൂപ ബജറ്റിൽ വകയിരുത്തി. ചെറുകിട ജലസേചനം ക്ലാസ് 1 പദ്ധതികൾക്ക് 75.10 കോടി രൂപയും ചെറുകിട ജലസേചനം ക്ലാസ്സ്കക പദ്ധതികൾക്കായി 22.50 കോടി രൂപയും അനുവദിച്ചു. തീരസംരക്ഷണ പ്രവർത്തനങ്ങൾക്കായി 15 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ശുദ്ധജല വിതരണത്തിനും മലിനജല നിവാരണത്തിനും 907.10 കോടി വകയിരുത്തിയിട്ടുണ്ട്. ജൽ ജീവൻ മിഷന് 25 ശതമാനം സംസ്ഥാന വിഹിതമായി 550 കോടി രൂപ നൽകും.




സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോ ബയോമിന്റെ ലോഗോ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

## സഹകരണ മേഖലയെ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധം

തിരുവനന്തപുരം: കർഷകർ ഉൾപ്പെടുന്ന സാധാരണ ജനവിഭാഗത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്ന സഹകരണ മേഖലയെ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചു. സഹകരണ മേഖലയെ തകർക്കാനുള്ള ഒളിഞ്ഞും തെളിഞ്ഞുമുള്ള ഇടപെടലുകൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. ഈ മേഖല നിലനിൽക്കേണ്ടത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അത്യാവശ്യമാണെന്ന് ധനമന്ത്രി പറഞ്ഞു.

സഹകരണ മേഖലയ്ക്കായി ആകെ 134.42 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയത്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ വിവിധ പദ്ധതികൾക്കായി 15 കോടി രൂപ നീക്കിവച്ചു. കേപ്(ഇഅജഋ)ന് കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി 6.05 കോടി രൂപ, തൊഴിലധിഷ്ഠിത പരിപാടികൾ നടപ്പിലാക്കുന്ന വിവിധ സഹകരണ സ്ഥാപനങ്ങൾക്ക് വായ്പ, ഓഹരി മൂലധനം, പ്രവർത്തന ഗ്രാന്റ്, സബ്സിഡി എന്നിവ നൽകുന്ന പദ്ധതിക്കായി 18 കോടി രൂപ, പട്ടികജാതിപട്ടികവർഗ സഹകരണ സംഘങ്ങളുടെ വിവിധ വികസന പദ്ധതികൾക്കായി ഏഴ് കോടി രൂപയും വകയിരുത്തി. കാർഷിക ഉല്പാദനം, സംഭരണം, സംസ്കരണം, ഗ്രേഡിങ്, വിപണനം എന്നീ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന സംഘങ്ങൾക്കുള്ള സഹായമായി 7.25 കോടി രൂപ മാറ്റിവച്ചു. കേരള സഹകരണ ക്ഷേമനിധി പദ്ധതിക്കായി 11.15 കോടി രൂപയും, പ്രാഥമിക സംഘങ്ങൾ, കൺസ്യൂമർഫെഡ്, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ എന്നിവയ്ക്കുള്ള എൻസിഡിസി സഹായമായി 28.10 കോടി രൂപയും വകയിരുത്തി.

## മൈക്രോബയോം മികവിന്റെ കേന്ദ്രത്തിന് തുടക്കം

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (ഗളകടഇ), എന്നിവയുടെ ആഭിമുഖ്യത്തിൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ ശാസ്ത്രീയ മാർഗനിർദേശത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോമിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കു മുഖ്യമന്ത്രി പിണറായി വിജയൻ തുടക്കം കുറിച്ചു.

സെന്ററിന്റെ ലോഗോ പ്രകാശനം മുഖ്യമന്ത്രി നിർവഹിച്ചു. പുതിയ കേന്ദ്രത്തിന്റെ വിവിധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന കർമപദ്ധതി ഡയറക്ടർ ഡോ. സാബു തോമസ് മുഖ്യമന്ത്രിക്ക് സമർപ്പിച്ചു.

സംസ്ഥാനത്ത് മൈക്രോബയോം ഗവേഷണം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സുപ്രധാന ചുവടുവെപ്പിന്റെ പ്രതീകമായാണ് സെന്റർ. കഴക്കൂട്ടത്തെ ആർജിസിബികിൻഫ്ര കാമ്പസിൽ താൽക്കാലികമായി സ്ഥാപിച്ചിരിക്കുന്ന സിഒഇഎമ്മിൽ മൈക്രോബയോളജി, ജീനോമിക്സ്, ബയോഇൻഫർമാറ്റിക്സ് എന്നിവയ്ക്കായി സമർപ്പിത ലബോറട്ടറികളുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന്, ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പ്രധാന ഉപകരണങ്ങളുടെ സംഭരണം ആരംഭിച്ചു.

ഒരു ആരോഗ്യ വീക്ഷണകോണിൽ മൈക്രോബയോട്ടയുടെ പങ്ക് വർദ്ധിപ്പിക്കുന്നതിനായി ഇന്റർ ഡിസിപ്ലിനറി ഗവേഷണം, ക്രോസ് ഡൊമെയ്ൻ സഹകരണങ്ങൾ, നൂതന ഉൽപ്പന്ന വികസനം എന്നിവ ഏകോപിപ്പിക്കുന്ന ഒരു സുപ്രധാന ആഗോള കേന്ദ്രമായി സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോമിനെ (ഇഛഋങ) വിഭാവനം ചെയ്യുന്നു. കോവിഡിന് ശേഷമുള്ള കാലഘട്ടത്തിൽ മൈക്രോബയോം ഗവേഷണം പ്രാധാന്യമർഹിക്കുന്നു. മനുഷ്യൻ, മൃഗങ്ങൾ, സസ്യങ്ങൾ, ജലജീവികൾ, പരിസ്ഥിതി തുടങ്ങിയ സൂക്ഷ്മജീവികളുടെ പ്രധാന മേഖലകളിലെ ഗവേഷണത്തിനും സംരംഭകത്വത്തിനുമുള്ള ആഗോള കേന്ദ്രമായി ഈ കേന്ദ്രം പ്രവർത്തിക്കും. വൈവിധ്യമാർന്ന മൈക്രോഫ്ലോറയുടെ സാധ്യതകൾ പര്യവേക്ഷണം ചെയ്യുന്നതിനായി മൈക്രോബയോമിനായി സമർപ്പിച്ചിരിക്കുന്ന സ്ഥാപനം രാജ്യത്ത് ആദ്യത്തേതാണ്.

നൂതന സീക്വൻസിംഗ് സാങ്കേതികവിദ്യകൾ, ബിഗ് ഡാറ്റ അനാലിസിസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി രാജ്യത്തെ ജനസംഖ്യയിലുടനീളം മൈക്രോബയോമിന്റെ സ്പേഷ്യോടെമ്പറൽ മാപ്പിംഗ് സൃഷ്ടിക്കാൻ ഇീഋങ ഉദ്ദേശിക്കുന്നു. തുടക്കത്തിൽ, ഗട്ട് മൈക്രോബയോട്ട ട്രാൻസ്പ്ലാന്റേഷൻ അടിസ്ഥാനമാക്കിയുള്ള ചികിത്സകൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശീയ ഗോത്രവർഗക്കാർ, സെന്റനറിൻസ്, ചില രോഗാവസ്ഥകളുള്ളവർ എന്നിവർക്ക് ഊന്നൽ നൽകും. കുടൽ മൈക്രോബയോട്ട ട്രാൻസ്പ്ലാന്റേഷൻ അടിസ്ഥാനമാക്കിയുള്ള ചികിത്സകൾ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. കൂടാതെ, മൈക്രോബയോട്ടയുടെ സംരക്ഷണം, പരമ്പരാഗത പുളിപ്പിച്ച ഭക്ഷണങ്ങളുടെ പ്രോത്സാഹനം, തദ്ദേശീയ പ്രോബയോട്ടിക്കുകളുടെ വികസനം, പ്രയോജനകരമായ മൈക്രോബിയൽ കൺസോർഷ്യങ്ങൾ, ഒരു മൈക്രോബിയൽ കൾച്ചർ ശേഖരണ കേന്ദ്രം സ്ഥാപിക്കൽ എന്നിവയ്ക്ക് ഇഛഋങ ഊന്നൽ നൽകും.

തിരുവനന്തപുരം തോന്നക്കലിലെ ബയോ 360 ലൈഫ് സയൻസസ് പാർക്കിലാണ് സ്ഥിരം കേന്ദ്രം സ്ഥാപിക്കുക. സംസ്ഥാനത്ത് ഒരു മികച്ച 'മൈക്രോബയോം വ്യവസായം' രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ സംരംഭകരെ പിന്തുണയ്ക്കുന്നതിനായി വിവിധ സർവകലാശാലകൾ, അനുബന്ധ മേഖലയിലെ സ്റ്റാർട്ടപ്പ് പ്രോഗ്രാമുകൾ എന്നിവയുടെ ശൃംഖലയ്ക്കുള്ള ഒരു വേദിയായും കേന്ദ്രം പ്രവർത്തിക്കും.

## സംരംഭകർക്കൊപ്പം വ്യവസായ മേഖല

തിരുവനന്തപുരം: സംരംഭകരെ കൈപിടിച്ചുയർത്താനായി വ്യവസായ വകുപ്പിന് ബജറ്റിൽ വകയിരുത്തിയത് കൈ നിറയെ. വ്യവസായവും ധാതുക്കളും എന്ന മേഖലയ്ക്കായി 1729 കോടി രൂപ അനുവദിച്ചപ്പോൾ ഇടത്തരവും വലുതുമായ വ്യവസായങ്ങൾക്കായി 773.09 കോടി രൂപയും വകയിരുത്തി. കേരളത്തിന്റെ വ്യവസായ മേഖല കൂടുതൽ ഉണർവോടെ മുന്നോട്ടുപോവുകയാണെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞു. കഴിഞ്ഞ വർഷം മാത്രം 1,40,000 ത്തോളം സംരംഭങ്ങളാണ് സംസ്ഥാനത്ത് സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ചത്. ഇതിലൂടെ മൂന്ന് ലക്ഷത്തിലധികം ആളുകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞു. ഉയർന്ന വളർച്ചാ സാധ്യതകളുള്ള 22 മേഖലകളിൽ നിക്ഷേപം, നവീകരണം, ഉൽപ്പാദനം എന്നിവ വർധിപ്പിക്കുന്നതിനായി മേക്ക് ഇൻ കേരള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുകയാണെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തൊട്ടാകെ പുതു സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 43കോടി രൂപ വകയിരുത്തി. ഇതിന്റെ ഗുണഭോക്താക്കളിൽ 20 ശതമാനവും വനിതകളായിരിക്കും.

വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി കിൻഫ്രയ്ക്ക് 324. 31 കോടി രൂപ. കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനായി 12. 50 കോടി. പെട്രോകെമിക്കൽ പാർക്കിന്റെ വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 13 കോടി. കൊച്ചി ബംഗലുരു വ്യാവസായിക ഇടനാഴിക്കായി 200 കോടി രൂപ വകയിരുത്തി. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കാക്കനാട് ആധുനിക സൗകര്യങ്ങളോടെ സ്ഥാപിക്കുന്ന എക്സിബിഷൻ സെന്ററിന് 12.50 കോടി. 11 വ്യവസായ പാർക്കുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി 30. 60 കോടിയും അനുവദിച്ചു. വിദേശമദ്യം കേരളത്തിൽ ഉൽപ്പാദിപ്പിച്ച് അന്യ സംസ്ഥാനങ്ങളിലേക്കും വിദേശത്തേക്കും കയറ്റുമതി ചെയ്യാൻ സാധ്യതകൾ ഏറെയുണ്ടെന്നാണ് ഇത് സംബന്ധിച്ച് പഠിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് ചെയ്യുന്നത്. കേരള ബ്രാൻഡ് ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ളവയുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പരിശോധിച്ച് പ്രായോഗികമായി നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും അതിന് വേണ്ട സഹായം നൽകുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കും.